(എഫ്) ഈ വർഷങ്ങളിൽ ഇതിൽനിന്ന് എത്ര തുക ചെലവഴിച്ചു ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 2008-09 വർഷത്തിൽ 393.30 ലക്ഷം രൂപയും 2009-10 വർഷത്തിൽ 393.70 ലക്ഷം രൂപയും നീക്കി വച്ചു.

(എഫ്) 2008-09 വർഷത്തിൽ 393.30 ലക്ഷം രൂപയും 2009-10 വർഷത്തിൽ 393.70 ലക്ഷം രൂപയും ചെലവഴിച്ചു.

**ആരോഗ്യവും കായികവിദ്യാഭ്യാസവും എന്ന പാഠ്യപദ്ധതി സ്കൂൾ തലത്തിൽ നടപ്പാക്കണമെന്ന നിർദ്ദേശം**

**38 (3784)** ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ, സ്പോർട്സ് അഭിരുചി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 'ആരോഗ്യവും കായിക വിദ്യാഭ്യാസവും' എന്ന പാഠ്യപദ്ധതി, സ്കൂൾ തലത്തിൽ നടപ്പാക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

(ബി) നടപ്പ് അദ്ധ്യയന വർഷത്തിൽ, പ്രസ്തുത പദ്ധതിക്കായി, ഏതെല്ലാം ക്ലാസ്സുകളിൽ, ഇതു സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനുപുറമെ സ്കൂൾ തലത്തിൽ, വിദ്യാർത്ഥികളിൽ സ്പോർട്സ് അഭിനിവേശം വളർത്തുന്നതിന് ഈ വർഷം എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത് ;

(ഡി) ഇതിനായി, സംസ്ഥാന സ്പോർട്സ് വകുപ്പുമായും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയവുമായി എന്തൊക്കെ ചർച്ചകൾ നടത്തുകയുണ്ടായി ;

(ഇ) വിദ്യാഭ്യാസ വകുപ്പിന്റെയും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെയും എന്തൊക്കെ നിർദ്ദേശങ്ങളാണ് ഇക്കാര്യത്തിൽ സർക്കാരിന് ലഭിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിലാണ് ഇതു സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി-ഇ) 2010 കായിക വർഷമായി പ്രഖ്യാപിച്ചതനുസരിച്ച് കേരളത്തിലെ മുഴുവൻ കുട്ടികൾക്കും നീന്തലിൽ പ്രായോഗിക പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാന അക്വാട്ടിക് അസോസിയേഷന്റെയും, ജില്ലാ അക്വാട്ടിക് അസോസിയേഷന്റെയും, ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെയും സഹായത്തോടെ കഴിഞ്ഞ മധ്യവേനലവധിക്കാലത്ത് ഇതിന് തുടക്കം കുറിക്കുകയുണ്ടായി. വിദ്യാർത്ഥികളിൽ സ്പോർട്സ് അഭിനിവേശം ഉണ്ടാക്കുന്നതിന് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെയും കായിക -യുവജനകാര്യ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ 2010 കായിക വർഷമായി ആചരിക്കുന്നതിന് തീരുമാനിച്ചുകൊണ്ടുള്ള സ്പോർട്സ് കലണ്ടർ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി.

**കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി**

**39 (3785)** ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഈ അദ്ധ്യയനവർഷം എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് 11-11-2009-ലെ ജി.ഒ.(എം)എസ്.) 217/09/പൊ.വി. ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സിലബസ് കരിക്കുലം കമ്മിറ്റിക്ക് സമർപ്പിക്കുകയും കരിക്കുലം കമ്മിറ്റി ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കായിക വിദ്യാഭ്യാസ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്കുള്ള പഠനസഹായിയുടെ ഇംഗ്ലീഷ് പതിപ്പും കരിക്കുലം കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അദ്ധ്യാപകർക്കുള്ള പഠനസഹായിയുടെ മലയാളം പതിപ്പ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രൈമറി

LIBRARY ARCHIVES Kerala Legislative Assembly